30

# “ഞാൻ മുന്തിരിവള്ളി ആകുന്നു”

## (15:1-16:4)

എന്റെ വായനാമുറിയിൽ നോർമൻ റോക്ക്വെല്ലിന്റെ ഒരു പെയിന്റിങ് തൂങ്ങിക്കിടപ്പുണ്ട്. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ നാം നേരിട്ടിട്ടുള്ള അനുഭവം അതു വ്യക്തമാക്കുന്നു: വീടുവിട്ടുപോകുന്ന സംഭവമാണ്. ആ പടത്തിൽ, അവർ എന്തിനോ വേണ്ടി, ഒരു തകർന്ന പഴയ പിക്അപ് വാനിന്റെ വശത്ത് മകന്റെ തൊട്ടടുത്തു അപ്പനും ഇരുന്നിരുന്നു. ഒരു പക്ഷെ, ബസിനു വേണ്ടിയാകാം, മകനെ കോളേജിലേക്കു അയക്കുവാൻ വന്നതാകാം. ആ അപ്പൻ ധരിച്ചിരിക്കുന്നതു ഒരു കൃഷിക്കാരന്റെ വസ്ത്രം ആയിരുന്നു, മകൻ സൂട്ടും ടൈയും ധരിച്ചിരുന്നു. അപ്പൻ പ്രായമായി, ക്ഷീണിതനായി കാണപ്പെടുന്നു, വിചാരപ്പെടുകയും ചെയ്യുന്നു. മകൻ, യുവാവും, ഊർജ്ജസ്വലനായും കാണപ്പെട്ടു. ആ ചിത്രത്തിൽ ഒരു ദുഃഖ ഭാവമുണ്ട്; അപ്പനോടും കുടുംബ നായയോടും ആളുകൾക്കു അനുകമ്പ തോന്നും, അവനറിയാം അതു “വിട - വാങ്ങൽ” എന്നറിഞ്ഞു അവന്റെ തല ആ യുവാവിന്റെ കാലിൽ വച്ചു വിശ്രമിക്കയാണ്. ചിലപ്പോൾ ഞാൻ ആ ചിത്രത്തിൽ നോക്കുമ്പോൾ യുവാവിനെ തിരിച്ചറിയും. ഈ ദിവസങ്ങളിൽ കൂടുതലായും ഞാൻ പിതാവിനെയാണ് തിരിച്ചറിയുന്നത്. ഞാൻ ചില അവസരത്തിൽ, നായയെയും തിരിച്ചറിയും!

റോക്ക്വെല്ലിന്റെ പെയിന്റിങ് “ആ പിതാവു എന്താണ് ചിന്തിക്കുന്നത്?” എന്ന ചോദ്യം ചോദിക്കുന്നു എന്നു തോന്നുന്നു. ഞാൻ വിചാരിക്കുന്നത് ബസ് വരുമ്പോൾ രണ്ടുപേരും എഴുന്നേറ്റു നില്ക്കും, പിതാവു മകനോടു പറയും, “മകനേ നീ ഇനി ശ്രദ്ധിക്കണം, പറഞ്ഞതു കേട്ടോ?” അല്ലെങ്കിൽ, “മോനേ, അമ്മക്കു നീ കത്തെഴുതണം. അതവൾക്കു വളരെ കാര്യങ്ങൾ ബോധ്യമാക്കും.” എങ്ങനെയായാലും, അയാൾ പറഞ്ഞതിനൊന്നും ഞാൻ താല്പര്യം കൊടുക്കുന്നില്ല, അവന്റെ ഹൃദയത്തിന്റെ അടിത്തട്ടിലുള്ളതാണ് പ്രാധാന്യമുള്ളതു എന്നു വ്യക്തമാകുന്നു. തന്റെ മകന്റെ ഭാവിയെക്കുറിച്ചു അയാൾ ചിന്താകുലൻ ആയിരുന്നു. അവൻ ശരിക്കു ഒരുങ്ങിയിട്ടുണ്ടോ? അവനു കോളേജിൽ നല്ല സ്നേഹിതന്മാർ ഉണ്ടാകുമോ? ഹൃദയവ്യഥ വന്നാൽ

എങ്ങനെ തരണം ചെയ്യാമെന്നു അവനറിയാമോ? വിജയം നേടുന്നതു കൊണ്ടു അവനു മാറ്റം ഉണ്ടാകുമോ? അവൻ ലോകത്തിൽ ചെന്നാൽ അവനുവേണ്ട നിർദ്ദേശങ്ങൾ എല്ലാം അവന്റെ അപ്പൻ പഠിപ്പിച്ചിട്ടുണ്ടോ?

റോക്ക്വെല്ലിന്റെ ചിത്രത്തിലെ അപ്പനും മകനും ബസ്സ്റ്റോപ്പും നല്കുന്ന രൂപങ്ങൾ നമ്മുടെ പാഠം പഠിക്കുന്നതിന് ഒരുക്കുന്നു. യോഹന്നാൻ 13 മുതൽ 17 വരെയുള്ള ഭാഗങ്ങളിൽ ക്രൂശിനു മുൻപുള്ള യേശുവിന്റെ അവസാന മണിക്കൂറുകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അദ്ധ്യായം 13-ൽ യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകുകയും, അദ്ധ്യായം 14-ൽ അവൻ അവരുടെ ഭീതിയകറ്റുകയും ചെയ്യുന്നതാണ്. ഈ വേദ ഭാഗത്തിൽ, 15:1-16:4, ശിഷ്യന്മാർ നേരിടുവാനിരുന്ന കുഴപ്പത്തെ അതിജീവിക്കുവാൻ അവർക്കു വേണ്ട നിർദ്ദേശവും കൊടുത്തിരുന്നു. അവന്റെ അസാന്നിധ്യത്തിൽ അവർ നേരിടുവാനിടയുള്ള മൂന്നു മുഖ്യ പ്രശ്നങ്ങളെ മുൻകണ്ടാണ് അവൻ അതു ചെയ്തതു.

## പ്രശ്നം ഒന്ന്: മനുഷ്യരിൽ നിന്നുള്ള ഉപദ്രവം (15:18-16:4)

എന്തുകൊണ്ടാണെന്നു നിങ്ങൾക്കറിയാതെ നിങ്ങളെ ആരെങ്കിലും ഇഷ്ടപ്പെടാതിരിക്കയോ വെറുക്കുകയോ ചെയ്തിട്ടുണ്ടോ? എന്റെ സഹോദരിമാരിൽ ഒരാൾക്കു അവളുടെ കോളേജ് കാലയളവിൽ അത്തരം ഒരനുഭവം ഉണ്ടായി. കോളേജിൽ ഉണ്ടായിരുന്ന ഒരാൺകുട്ടി അവളെ വെറുത്തിരുന്നതായി അവളറിഞ്ഞു. പക്ഷെ കാരണം എന്തെന്നു അവൾ അറിഞ്ഞില്ല. ചിലപ്പോൾ അവർ ഇരുവരും ഇടനാഴിയിൽ നേരെ എതിരെ കണ്ടുമുട്ടുമ്പോൾ, എന്റെ സഹോദരി മര്യാദയോടെ ചിരിച്ചു "ഹലോ" എന്നു പറയും. എങ്ങനെയായാലും, അയാൾ അതു ശ്രദ്ധിക്കാതെ, മറ്റെവിടെയെങ്കിലും നോക്കി, നെടുവീർപ്പോടെ കടന്നുകളയും. അവൾ അതു അവളുടെ കൂട്ടുകാരികളോടു പറഞ്ഞു, പക്ഷെ അവർ വിചാരിച്ചു അതു അവളുടെ ഊഹം ആണെന്നാണ്.

ഒരു ദിവസം "ബ്ളയിന്റ് ഡെയിറ്റിൽ," എന്റെ സഹോദരിയെ പുറത്തുപോകുവാൻ ഒരു ദമ്പതി ക്ഷണിച്ചു, അവരുടെ ഒരു യുവസുഹൃത്തും കൂടെയുണ്ടായിരുന്നു. എന്റെ സഹോദരി അതു സ്വീകരിച്ചു. ആ രാത്രി വന്നു, ആരാണ് അവളുടെ പങ്കുകാരനായി വരുന്നതു, അവളെ വെറുത്ത വിദ്യാർത്ഥി! ആ വൈകുന്നേരം ഒരു ദുരന്തമായിരുന്നു. അവൻ അവളെ വെറുക്കുന്നു എന്നു കാണിക്കുകമാത്രമായിരുന്നില്ല, അവൻ വാസ്തവത്തിൽ അങ്ങനെ തന്നെ ചെയ്തു. അവൻ ദയയോടെയോ, മര്യാദയോടെയോ ഒന്നും പറഞ്ഞില്ല, അവൻ ആ ദിവസം ആസ്വദിക്കുവാൻ പോലും തയ്യാറായില്ല. ഇതെല്ലാം എന്റെ സഹോദരിയെ അസ്ഥാളിപ്പിച്ചു. അവൾ അയാളെ ഒരിക്കലും വേദനിപ്പിച്ചതായി ഓർക്കുന്നില്ല, എന്നിട്ടും അവൻ അവളെ ശത്രുവായി കണക്കാക്കി. കുറെ കഴിഞ്ഞാണ് കാര്യം മനസ്സിലാക്കിയത്. അവനെ ഒരിക്കൽ വേദനിപ്പിച്ച അവന്റെ ഒരു കാമുകിയെ പോലെയാണ് അവൾ ഇരുന്നത്!

നമ്മുടെ വേദഭാഗത്ത്, ശിഷ്യന്മാർക്കു പ്രയാസമുള്ള സമയം വരുമെന്നു യേശു അവരെ മുന്നറിയിച്ചിരുന്നു. എന്റെ സഹോദരിക്കു അനു

ഭവപ്പെട്ടതുപോലെ അവരും ഉടനെ അന്ധാളിച്ചു പോകും! ആ വേദനാജനകമായ അവസ്ഥ തരണം ചെയ്യുവാൻ പല രീതിയിൽ യേശു അവരെ തയ്യാറാക്കിയിരുന്നു. ആദ്യം, അവൻ അവരോട് ലോകം അവരെ പകക്കുമ്പോൾ ഓർക്കേണ്ടതു അവർ യേശുവിനെ ആദ്യം പകച്ചിരുന്നു എന്നാണ് (15:18). അവർ അവന്റെ ശിഷ്യന്മാർ ആയതു കൊണ്ടു, അവനു ലഭിച്ച അതേ പെരുമാറ്റം ആയിരിക്കും അവർക്കും ലഭിക്കുക എന്ന് അവൻ മുന്നറിയിച്ചു (15:20). ലോകം യേശുവിനെ കേട്ടിരുന്നുവെങ്കിൽ അവരെയും കേൾക്കുമായിരുന്നു. എങ്ങനെ യായാലും, ലോകം പൊതുവിൽ അവനെ ഉപദ്രവിച്ചതുകൊണ്ടു, ലോകം അവരോടും അതുതന്നെ ചെയ്യും എന്നു അവൻ അവരോടു പറഞ്ഞു.

ലോകത്താലുള്ള ഉപദ്രവം, "വ്യക്തിപരം," ആയിരിക്കയില്ല, കാരണം അവർ അവന്റെ പിൻഗാമികൾ ആയിരുന്നു (15:21). തന്നെ പകച്ചവരും അവരെ പകക്കുന്നവരും പിതാവിനെ പകച്ചവരാണെന്ന് അറിയുവാൻ അവനാഗ്രഹിച്ചു (15:23). വരുവാനിരിക്കുന്ന ഉപദ്രവം നിരാശാജനക മായിരിക്കുമെന്നും അത് നിരർത്ഥകമായിരിക്കുമെന്നും യേശുവിനറി യാമായിരുന്നു! അത് "കാരണം കൂടാതെ" ആയിരിക്കുമെന്ന് അവൻ മുൻകണ്ടു (15:25). ശിഷ്യന്മാർ ഇത് മുന്നറിഞ്ഞാൽ അതുവരുമ്പോൾ അവർക്ക് സഹിക്കാവുന്നതാകും എന്ന് അവൻ കരുതി.

ശിഷ്യന്മാർ പള്ളിഭ്രഷ്ടർ ആകുവാനും സാധ്യതയുണ്ട്.[1] ഇതെല്ലാം യേശു അവരെ മുന്നറിയിച്ചപ്പോൾ വേദനാജനകമായ ഒന്നുകൂടെ പറ ഞ്ഞു: "അത്രയുമല്ല, നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിന്നു വഴിപാടുകഴിക്കുന്നുവെന്ന് വിചാരിക്കുന്ന നാഴിക വരുന്നു" (16:2). എന്തുകൊണ്ടാണ് യേശു തന്റെ ക്രൂശീകരണസമയത്ത് ഇത്തരം നിരാശ ജനിപ്പിക്കുന്ന കാര്യം അവരോടു പറഞ്ഞത്? അവന്റെ ഉദ്ദേശം പ്രയാസം നേരിടുമ്പോൾ അവർ ഇടറിപോകാതിരിക്കുന്നതിനത്രേ (16:1). അത്തരം കുഴപ്പങ്ങളെ യേശു മുന്നറിയിച്ചിരുന്നു എന്ന് അവർ ഓർമ്മി ച്ചാൽ, പിന്നെ അവരുടെ ഹൃദയം കലങ്ങിപ്പോവുകയില്ല (16:4). യേശു അവരോടുകൂടെ ഇരുന്നു പ്രബോധിപ്പിക്കയും നിർദ്ദേശിക്കുകയും ചെയ്യുമ്പോൾ, അവർക്ക് അത്തരം മുന്നറിയിപ്പിന്റെ ആവശ്യമില്ല. അവൻ അവരെ വിട്ടുപോകുന്നതുകൊണ്ട്, ഈ ഉപദേശങ്ങൾ അവ രുടെ ആത്മീയ നിലനില്പിനു അത്യന്താപേക്ഷിതമായിരുന്നു.

ക്രിസ്തുവിന്റെ അനുയായികളായ നമ്മുടെ സാഹചര്യം വ്യത്യ സ്തമാണെങ്കിലും, നാം നേരിടുന്ന കുഴപ്പങ്ങളെ അതിജീവിക്കുവാൻ അവന്റെ വാക്കുകൾ കേൾക്കേണ്ടതാവശ്യമാണ്. ഇന്ന് ലോകത്തിൽ ചിലഭാഗത്ത് ക്രിസ്ത്യാനികൾ നേരിടുന്ന എതിർപ്പുകൾ കഠിനമാണ്. അവരെ അടിപ്പിക്കുകയും തടവിലാക്കുകയും ചെയ്യുന്നു. അവരുടെ വീടുകൾ അഗ്നിക്കിരയാക്കുകയോ, അല്ലെങ്കിൽ അവരുടെ കൂടിവരുന്ന കെട്ടിടങ്ങൾ ഇല്ലാതാക്കുകയോ ചെയ്യുന്നുണ്ട്. ഈ ക്രിസ്ത്യാനികൾക്ക് യേശുവിന്റെ ഈ ഭാഗത്തെ വാക്കുകൾ മനസ്സിലാകും. അവരുടെ ഈ കഷ്ടതയിൽ അതിശയിക്കേണ്ടതില്ല എന്ന് അവർക്കറിയാം കാരണം യേശു ആദ്യം കഷ്ടത അനുഭവിച്ചു!

മറ്റു ക്രിസ്ത്യാനികൾ ഇത്തരം ഭൗതികമായ പീഡനങ്ങൾ അനുഭ

വിക്കുന്നില്ലായിരിക്കാം, എന്നാൽ സാമൂഹ്യമായ പീഡനം അവർക്കുണ്ടാകാം. എന്നാൽ ഭൗതികമായി അടിക്കപ്പെടുന്നില്ലായിരിക്കാം, പക്ഷെ അവരുടെ വിശ്വാസത്തിനും അവരുടെ ഉറപ്പിനും എതിരായി പരിഹാസവും നിന്ദയും അനുഭവിക്കേണ്ടിവന്നേക്കാം. 1992-ൽ, സിനിമാവിമർശകൻ മൈക്കിൾ മെഡ്വെഡ് *ഹോളിവുഡ് വേഴ്സസ് അമേരിക്ക* എന്ന പുസ്തകം പ്രകാശിപ്പിച്ചു, അതിൽ മതപരമായ മൂല്യത്തെയും മതത്തെയും തരംതാഴ്ത്തി കാണിക്കയാണ് സിനിമ - നിർമ്മാതാക്കളുടെ ഓരോ പരിശ്രമവുമെന്ന് കാണിക്കുന്നു. പിന്നീട് അദ്ദേഹം *ഹോളിവുഡ് വേഴ്സസ് റിലീജിയൻ* എന്ന ഒരു വീഡിയോ ഇറക്കി. ആ പുസ്തകത്തിനും വീഡിയോയിലും ധാരാളം പണം മുടക്കി റെവന്യു നഷ്ടം വരുത്തി ചെയ്യുന്ന, ഹോളിവുഡ് സിനിമാ - നിർമ്മാതാക്കൾ തങ്ങളുടെ ശ്രമമെല്ലാം ദൈവത്തിൽ വിശ്വസിക്കുന്നവരെ ആക്രമിക്കുന്നതിനായിരുന്നു.

പീഡനം ചിലപ്പോൾ ക്രിസ്ത്യാനിയുടെ വീട്ടിനുള്ളിൽ തന്നെ സംഭവിക്കാം. ഭർത്താവോ ഭാര്യയോ വിശ്വസിക്കുന്ന പങ്കാളിയുടെ വിശ്വാസത്തെ ചെറുതാക്കുകയോ വിമർശിക്കുകയോ ചെയ്തേക്കാം. ഇത്തരം പീഡനം പലപ്പോഴും അസഹനീയമാകും. അതുകൊണ്ടാണ് ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനികളോട് അവരുടെ അ-ക്രൈസ്തവ പങ്കാളികളോടുകൂടെ തുടരുവാൻ ആവശ്യപ്പെട്ടത്, ക്രിസ്ത്യാനി ഒരു അ-ക്രൈസ്തവ വ്യക്തിയെ വിവാഹം ചെയ്യുന്നത് ചിന്തിക്കുവാൻ പോലും കഴിയാത്തതായിരുന്നു (1 കൊരിന്ത്യർ 7:12-16, 39).

പൗലൊസിന് - ഉപദ്രവം അപരിചിതമായിരുന്നില്ല - അവൻ റോമയിലെ സഭയ്ക്കെഴുതി, **"കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ"** (റോമർ 12:18). ഈ വാക്യത്തിലെ ആദ്യത്തെ ഒൻപതുവാക്കുകൾ സൂചിപ്പിക്കുന്നത് സമാധാനത്തിൽ ജീവിക്കുക എന്നത് എല്ലായ്പ്പോഴും നമ്മുടെ കഴിവിൽ ഒതുങ്ങുന്നതല്ല എന്നാണ്. ചിലപ്പോൾ നമ്മുടെ ആത്മീയ എതിരാളികൾ കാര്യങ്ങൾ എളുപ്പമാക്കയില്ല, അതുകൊണ്ട് നാം ഉപദ്രവം നേരിടണം. ഇതിൽ നമ്മൾ ആശ്ചര്യപ്പെടേണ്ട, യേശുവിന്റെ കഷ്ടതയും അതിന്റെ മുന്നറിയിപ്പും അവന്റെ അനുയായികൾക്ക് ഉണ്ടാവുമെന്നത് ഓർമ്മിക്കുക. അവന്റെ വാക്കുകൾ ഇടറിപ്പോകാതെ നമ്മെ സൂക്ഷിക്കണം!

### പ്രശ്നം രണ്ട്: യേശുവിൽനിന്നുള്ള വേർപാട് (15:1-8)

അവസാനത്തോടുകൂടി ആരംഭിക്കുന്ന അസാധാരണമായ സമീപനമാണ് നമ്മുടെ വേദഭാഗത്തിൽ നാം എടുത്തിരിക്കുന്നത്. കാരണം വരുവാനിരിക്കുന്ന കുഴപ്പങ്ങളെ മുൻകൂട്ടി അറിഞ്ഞാൽ യേശുവുമായിട്ടുള്ള ബന്ധത്തിന്റെ ആവശ്യകത മുൻപ് പറഞ്ഞത് യാഥാർത്ഥ്യമാകും. അല്ലെങ്കിൽ, ഇത് ആത്മീയ പാഠം താല്പര്യം ജനിപ്പിക്കുന്ന ഒരു ഭാഗമായി കണ്ടേക്കാം, പക്ഷെ ഒരാൾ അങ്ങനെ ഉപദ്രവം എന്ന പ്രശ്നത്തിൽനിന്ന് വിട്ടുമാറിയേക്കാം. തൽഫലമായി, ഈ അധ്യായത്തിന്റെ അവസാനത്തോടുകൂടി നമ്മൾ തുടങ്ങുകയും, ഇപ്പോൾ നാം

ആരംഭിക്കുവാൻ തയ്യാറാകുകയും ചെയ്തു.

യേശു ശിഷ്യന്മാരോടു പറഞ്ഞു, "ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനുമാകുന്നു" (15:1). ഇത് ഏഴാമത്തേതിൽ അവസാനത്തെ "ഞാൻ" എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതാണ്. മുന്തിരിവള്ളിയും കൊമ്പുകളും പിതാവും, പുത്രനും തമ്മിലുള്ള ബന്ധത്തേയും, പുത്രനും ശിഷ്യന്മാരും തമ്മിലുള്ള ബന്ധത്തേയും ഉപമിച്ചിരിക്കുന്നതാണ്. യേശു മുന്തിരിവള്ളിയും, പിതാവ് തോട്ടക്കാരനും (അല്ലെങ്കിൽ കൃഷിക്കാരൻ, അല്ലെങ്കിൽ മുന്തിരിവള്ളി ശുശ്രൂഷിക്കുന്നയാൾ), ശിഷ്യന്മാർ കൊമ്പുകളുമാകുന്നു. ഫലം തരുന്ന കൊമ്പുകൾ ശിഷ്യന്മാരുടെ ജീവിതത്തിലെ ഭക്തിയാകുന്നു.

ഒരു കൊമ്പിനു വളരുവാൻ മുന്തിരിവള്ളിയോടുചേർന്നിരിക്കണം എന്നപോലെ, ക്രിസ്തുവിനോടു ചേർന്നിരിക്കേണ്ടതിന്റെ ഊന്നലാണ് യേശുവിന്റെ സന്ദേശത്തിലടങ്ങിയിരിക്കുന്നത്. അങ്ങനെയല്ലെങ്കിൽ മരണം ആണ് ഫലം. ഫലം കായ്ക്കുവാനുള്ള ഏകവഴി മുന്തിരിവള്ളിയോടു ചേർന്നിരിക്കുകയാണ്, ഫലം പുറപ്പെടുവിക്കാതിരുന്നാലും ഫലം മരണമാണ്. ഫലം കായ്ക്കാത്ത കൊമ്പുകളെ തോട്ടക്കാരൻ വെട്ടി തീയിലിട്ടു ചുട്ടുകളയും (15:6). ഫലം കായ്ക്കുന്നവയെ കൂടുതൽ ഫലം കായ്ക്കേണ്ടതിനു അവൻ ചെത്തി വെടിപ്പാക്കും (15:2). ഈ അദ്ധ്യായത്തിന്റെ ആരംഭ വാക്യങ്ങളിൽ ചെത്തിവെടിപ്പാക്കൽ സൂചിപ്പിക്കുന്നതു ശിഷ്യന്മാരുടെ ഭാവിയെ ഓർത്തു യേശുവിനു വേദനയുണ്ടാകും എന്നാണ്.

തന്നിൽ "വസിക്കുന്നതിന്റെ" പ്രാധാന്യം അവൻ ശിഷ്യന്മാരോടു ഊന്നിപ്പറയുന്നുണ്ട്. ഏഴു വാക്യങ്ങളിൽ (15:1-7) "വസിക്കുക" എന്ന വാക്കു യേശു ഏഴു പ്രാവശ്യം പറഞ്ഞിരിക്കുന്നു. അതിനർത്ഥം "തുടരുക" "നിലനില്ക്കുക" എന്നാണ്. ഒരു കൊമ്പിനു പോഷകങ്ങൾ ലഭിക്കുന്നതു മുന്തിരിവള്ളിയിൽ നിന്നാണ് എന്നതുപോലെ, ശിഷ്യന്മാർക്കു ആവശ്യമായ ജീവിത - സഹായം യേശുവിൽ നിന്നാണ് ലഭിക്കുന്നത്. അത്തരം സന്ദർഭങ്ങളിൽ അതു മറന്നുപോയാൽ ഫലം ദുരന്തമായിരിക്കും. അവർ മുന്തിരിവള്ളിയിൽ നിന്നു വിട്ടു നിന്നാൽ, അവ ഉണങ്ങിപ്പോകും, തുടർന്നു മുന്തിരിവള്ളി സംരക്ഷിക്കുന്നയാൾ അതിനെ വെട്ടി തീയിലിട്ടു ചുട്ടുകളയും.

ശിഷ്യന്മാർക്കു അടുത്ത ഇരുപത്തി - നാലു മണിക്കൂറിനുള്ളിൽ വേദന അനുഭവപ്പെടുവാൻ പോകുന്നു, അവർക്കു പല തിരഞ്ഞെടുപ്പുണ്ടായിരുന്നു. നമുക്കും, അതുപോലെ, എതിർപ്പു ഭൗതികമല്ലെങ്കിൽ, ആത്മിയമായി നേരിടേണ്ടിവരും, യേശുവിനെ അനുഗമിക്കുന്ന - നമുക്കും, അതുപോലെ, തിരഞ്ഞെടുക്കുവാൻ പലതുണ്ടാകും.

യേശുവിനു വേണ്ടി നമ്മെ ആളുകൾ വെറുത്താൽ, നാം വീണുപോകാൻ സാധ്യതയുണ്ട്.

യേശുവിനുവേണ്ടി നാം വെറുക്കപ്പെടുമ്പോൾ, നാം ഒറ്റികൊടുക്കപ്പെട്ടതായി തോന്നും.

യേശുവിനുവേണ്ടി നാം വെറുക്കപ്പെട്ടാൽ, നമ്മുടെ വ്യക്തിത്വം മാറു

വാനിടയുണ്ട്.

യേശുവിനുവേണ്ടി നാം വെറുക്കപ്പെടുമ്പോൾ, നാം മുന്തിരിവള്ളിയിൽ *പറ്റിപിടിക്കണം!*

### പ്രശ്നം മൂന്ന്: സ്നേഹത്തിന്റെ ആവശ്യം (15:9-17)

മുന്തിരിവള്ളിയിൽ "വസിക്കുവാൻ" ആവശ്യപ്പെട്ടതിനു പുറമെ, ശിഷ്യന്മാരോടു സ്നേഹത്തിൽ "വസിപ്പാനും" പറഞ്ഞു. യേശുവിനെ അനുഗമിക്കുന്നവർക്കു ഏറ്റവും അടിയന്തിരമായി ഉണ്ടാകേണ്ടതാണ് സ്നേഹം! മുൻപു ശിഷ്യന്മാരുടെ കാലുകൾ കഴുകിക്കൊണ്ടു, സ്നേഹം എത്ര പ്രാധാന്യമർഹിക്കുന്നതാണെന്നു യേശു കാണിച്ചു കൊടുത്തു. ആ അവസരത്തിൽ, അവൻ പറഞ്ഞു,

> നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുതന്നെ, നിങ്ങൾക്കുതമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നുലോകം അറിയും (13:34, 35).

ആ അടിയന്തിര കാര്യത്തെ യേശു പറഞ്ഞു "ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ, നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം" എന്നാകുന്നു, "എന്റെ കല്പന" (15:12). സുവിശേഷ സന്ദേശത്തിന്റെ കാതൽ തന്നെ ദൈവത്തെ സ്നേഹിക്കുന്നതും തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതും ആകുന്നു (മത്തായി 22:34–40). യോഹന്നാന്റെ സുവിശേഷത്തിലെ ഈ ഭാഗത്തെ ഊന്നലും സ്നേഹം ആണ്. ആദ്യത്തെ പന്ത്രണ്ടു അദ്ധ്യായങ്ങളിൽ "സ്നേഹം" എന്ന വാക്കു ആറു പ്രാവശ്യം മാത്രവും 13 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ അതേ സമയം മുപ്പത്തി - ഒന്നു പ്രാവശ്യവും കാണുന്നുണ്ടെന്നു സി. എച്ച്. ഡോഡ് കണ്ടെത്തി![2]

ഈ വേദഭാഗത്തു പറയുന്ന "സ്നേഹം" വൈകാരികമായ അടുപ്പമല്ല. മറിച്ചു, യേശു ക്രിസ്തു പറഞ്ഞ സ്നേഹം നമുക്കു ക്രൂശിൽ കാണാം. അവൻ പറഞ്ഞ "സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം സ്നേഹം ആർക്കുമില്ല" എന്നതു ശിഷ്യന്മാർക്കു അപ്പോൾ മനസ്സിലായിക്കാണുകയില്ല (15:13), നിങ്ങൾക്കും എനിക്കും അറിയാം അവൻ തന്റെ മരണത്തെയാണ് സൂചിപ്പിച്ചത് എന്ന്, അതു അടുത്ത ദിവസം സംഭവിക്കുവാനിരിക്കുന്നു. അന്നു ശിഷ്യന്മാരോടു പറഞ്ഞതുപോലെ, ഇപ്പോൾ, അവന്റെ അനുയായികളോടു അവന്റെ സ്നേഹമാതൃക പിൻപറ്റുവാൻ ആവശ്യപ്പെടുന്നു, ആ സ്നേഹമാണ് യേശുവിനെ ക്രൂശിലേക്കു നയിച്ചത്.

### ഉപസംഹാരം

ധൈര്യത്തോടെ അവനെ പിൻപറ്റുന്നവർക്കു ഉപദ്രവം ഉണ്ടാകും

എന്നു യേശു മുന്നറിയിച്ചിരുന്നു. ഏതെങ്കിലും ഒരു വിധത്തിൽ, എല്ലാ ക്രിസ്ത്യാനികളും തങ്ങളുടെ വിശ്വാസം നിമിത്തം പ്രയാസം നേരിടും. അതു സംഭവിക്കുമ്പോൾ, നാം എന്തു ചെയ്യും? യേശു തരുന്ന ഉത്തരം "മുന്തിരിവള്ളിയിൽ" വസിക്കയും "തമ്മിൽ തമ്മിൽ സ്നേഹിക്കയും ചെയ്യുവിൻ."

ഈ നിർദ്ദേശങ്ങൾ അവൻ നല്കിയതിനു അടുത്ത ദിവസം, ലോകം കണ്ടിട്ടില്ലാത്ത സ്നേഹ പ്രദർശനമായി യേശു ക്രൂശിലേക്കു പോയി. എങ്ങനെയായാലും, തിരിച്ചു അവനു സ്നേഹം കിട്ടിയില്ല. പകരം, അവനെ ശപിക്കുകയും മുഖത്തു തുപ്പുകയും, അടിക്കുകയും, തരം താഴ്ത്തുകയും, കൊല്ലുകയും ചെയ്തു. ലോകം കണ്ടിട്ടില്ലാത്ത യുക്തിരഹിതമായ ഒരു പകയായിരുന്നു അത്. ആ ഭ്രാന്തമായ അവസ്ഥയിലും, യേശു വിശ്വസ്തതയും സ്നേഹവും പ്രദർശിപ്പിച്ചു. അവൻ ഉപദ്രവം നേരിട്ടു അതിനെ അതിജീവിക്കുന്ന വഴി കാണിച്ചുതന്നു.

ഞാൻ താമസിക്കുന്ന പ്രദേശത്ത്, മോശമായ ഒരു ദിവസം വരുമ്പോൾ പൊതുവേ പറയാറുള്ള ഒരു പ്രസ്താവനയുണ്ട്. ഞങ്ങൾ പറയും, "എന്റെ അമ്മ എപ്പോഴും പറയും ഇതുപോലെ ഒരു ദിവസം വരും എന്ന്." നാം ക്രിസ്തുവിന്റെ നാമം ധരിച്ചിട്ട്, അതിനു വലിയ വില കൊടുക്കേണ്ടതായി വരുമ്പോൾ, നമുക്കും പറയാം, "ഇതുപോലെയുള്ള ദിവസങ്ങൾ വരും എന്നു എന്റെ കർത്താവു പറഞ്ഞിട്ടുണ്ട്." കഷ്ടത വരുമെന്നു മാത്രമല്ല അവൻ പറഞ്ഞതു, എന്നാൽ അതു വരുമ്പോൾ എന്തു ചെയ്യണമെന്നും അവൻ പറഞ്ഞിട്ടുണ്ട്: മുന്തിരിവള്ളിയോടു പറ്റിച്ചേരുകയും, തമ്മിൽ തമ്മിൽ സ്നേഹിക്കുകയും ചെയ്യുക!

---

കുറിപ്പുകൾ

[1]നോക്കുക 9:22, 34, 35. പള്ളിയിൽ നിന്നു പുറത്താക്കുക എന്നാൽ താല്ക്കാലികമായി ആരാധനാലയത്തിൽ നിന്നു പുറത്താക്കുകയല്ല. പള്ളി എന്ന സാമൂഹ്യവും മതപരവുമായ ഒരു സമൂഹമായിരുന്നു. ഒരാളുടെ സ്വന്ത കുടുംബത്തിൽ നിന്നും ആളുകളിൽ നിന്നും വേർപെടുത്തി ഒറ്റപ്പെടുത്തുന്നതു യേശുവിനെ അനുഗമിക്കുന്നതിനു കൊടുക്കേണ്ടിവരുന്ന വേദന എന്ന വിലയാണ്. [2]സി. എച്ച്. ഡോഡ്, *ദ ഇന്റർപ്രെട്ടേഷൻ ഓഫ് ദ ഫോർത്ത് ഗോസ്പെൽ* (കെയിം ബ്രിഡ്ജ്: ദ യൂണിവേഴ്സിറ്റി പ്രെസ്, 1958), 398.

© 2009 Truth for Today